**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2184** | **01-09-2022 - ൽ മറുപടിയ്ക്ക്**

**വർദ്ധിക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഓണക്കാലത്ത് സംജാതമായേക്കാവുന്ന വിലക്കയറ്റത്തിൽ നിന്നും സ്വകാര്യ കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും ഉപഭോക്തൃ താല്പര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ; | (എ) | 2022 ഓണത്തോടനുബന്ധിച്ച് 01.08.2022 ലെ സ.ഉ.(സാധാ) നം. 273/2022/ഭ.പൊ.വി.വ നം. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും 22.08.2022 ലെ സ.ഉ.(സാധാ) നം. 309/2022/ഭ.പൊ.വി.വ നം. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കും തുണിസഞ്ചിയടക്കം 14 ഇനം ആവശ്യസാധനങ്ങളടങ്ങിയ സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തുവരുന്നുണ്ട്.<br><br>കൂടാതെ സംസ്ഥാനത്തുടനീളം ഓണച്ചന്തകൾ സംഘടിപ്പിച്ച്, പൊതു ജനങ്ങൾക്ക് പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നുമുണ്ട്.<br><br>മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ ഓണക്കാലത്ത് 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 51 ഓണം മാർക്കറ്റുകൾ എന്നിവയിലൂടെ പ്രദേശിക കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് എല്ലാ സജ്ജീകരണങ്ങളും പൂർത്തിയാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറുകളായി പ്രവർത്തിക്കുന്നതാണ്. ഇത്തരത്തിൽ വിൽപ്പനശാലകൾ വഴിയും ഓണം പ്രത്യേക ചന്തകൾ വഴിയും വിപണിയിടപെടൽ നടത്തുന്നതുവഴി ഓണക്കാലത്ത് വിലവർദ്ധനവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ 2022 ലെ ഓണത്തിന് മുൻഗണനേതര വിഭാഗത്തിന് സ്പെഷ്യൽ അരി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വിപണിയിലെ വർദ്ധിക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമായി ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഭക്ഷ്യ ഭദ്രത നിയമപ്രകാരം ലഭ്യമാകുന്ന നോർമൽ വിഹിതത്തിനു പുറമെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം AAY, പ്രയോറിറ്റി വിഭാഗങ്ങൾക്ക് പ്രതിമാസം ഒരാൾക്ക് 5 കിലോഗ്രാം എന്ന തോതിൽ ഭക്ഷ്യധാന്യം നൽകി വരുന്നുണ്ട്.<br><br>ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ നടത്തുന്ന വിപണിയിടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ വിൽപനശാലകളിലൂടെ 13 ഇനം ഭക്ഷ്യ ധാന്യങ്ങൾ സബ്സിഡി നിരക്കിൽ പൊതുവിപണി വിലയേക്കാൾ വളരെ കുറഞ്ഞ വിലയിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും നൽകിവരുന്നുണ്ട്. 2016 മുതൽ ടി സബ്സിഡി സാധനങ്ങളുടെ വിലകൾ വർദ്ധിപ്പിച്ചിട്ടില്ല.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് (വേഗം ചെലവാകുന്ന ഇനങ്ങൾ) ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30 % വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ